"ഭരണഭാഷ- മാതൃഭാഷ"

കേരള സർക്കാർ

150 YEARS OF CELEBRATING THE MAHATMA

## സംഗ്രഹം

തദ്ദേശ സ്വയംഭരണ വകുപ്പ് - എഞ്ചിനീയറിംഗ് വിഭാഗം- ജീവനക്കാര്യം - തദ്ദേശ സ്വയംഭരണ വകുപ്പിൽ ഓവർസീയർ ഗ്രേഡ് III ആയ ശ്രീമതി സീമാ വിശ്വനാഥ് - ന് മെഡിക്കൽ റീഇംബേഴ്സ്മെന്റ് അനുവദിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

### തദ്ദേശ സ്വയംഭരണ(ഇ.ഡബ്ല്യു.എ.) വകുപ്പ്

സ.ഉ.(സാധാ) നം.1846/2020/ത.സ്വ.ഭ.വ തീയതി. തിരുവനന്തപുരം. 08/10/2020

---

പരാമർശം:- 1. ശ്രീമതി സീമാ വിശ്വനാഥ് സമർപ്പിച്ച 28.04.2017 ലെ മെഡിക്കൽ റീഇംബേഴ്സ്മെന്റ് അപേക്ഷ.

2. തദ്ദേശ സ്വയംഭരണ വകുപ്പ് ചീഫ് എഞ്ചിനീയറുടെ 31.01.2019, 28.09.2019 തീയതികളിലെ ഇ17-916/2017/സി.ഇ/തസ്വഭവ നമ്പർ കത്തുകൾ.

3. ആരോഗ്യ വകുപ്പ് ഡയറക്ടറുടെ 20.08.2019 ലെ (L.Dis) MR5/50568/2019/ആ.വ.ഡ. നമ്പർ കത്ത്.

## ഉത്തരവ്

നെടുമങ്ങാട് മുനിസിപ്പാലിറ്റിയിൽ ഓവർസീയർ ഗ്രേഡ് III ആയ ശ്രീമതി സീമ വിശ്വനാഥിന്റെ മാതാവിന് തിരുവനന്തപുരം SUT റോയൽ ഹോസ്പിറ്റലിൽ ഹൃദയ സംബന്ധമായ ചികിത്സയ്ക്ക് 26.01.2017 മുതൽ 29.01.2017 വരെയുള്ള കാലയളവിൽ ചെലവായ 1,14,355 - രൂപ(ഒരു ലക്ഷത്തി പതിനാലായിരത്തി മുന്നൂറ്റി അമ്പത്തി അഞ്ച് രൂപ മാത്രം) പ്രതിപൂരണം ചെയ്ത് നൽകണമെന്ന് പരാമർശം 1 പ്രകാരം അഭ്യർത്ഥിച്ചിട്ടുണ്ട്. ഇക്കാര്യം പരാമർശം 2 പ്രകാരം തദ്ദേശ സ്വയംഭരണ ചീഫ് എൻജിനീയർ ശുപാർശ ചെയ്തിട്ടുണ്ട്.

2. ശ്രീമതി സീമ വിശ്വനാഥ്-ന്റെ അപേക്ഷയിന്മേൽ പ്രതിപൂരണം ചെയ്യുന്നതിന് അനുവദനീയമായ തുക 72,074/- രൂപ (എഴുപത്തി രണ്ടായിരത്തി എഴുപത്തി നാല് രൂപ മാത്രം) ആണെന്ന് ആരോഗ്യ വകുപ്പ് ഡയറക്ടർ പരിശോധിച്ച് പരാമർശം 3 പ്രകാരം റിപ്പോർട്ട് ചെയ്തിട്ടുണ്ട്.

3. സർക്കാർ ഇക്കാര്യം വിശദമായി പരിശോധിക്കുകയുണ്ടായി. നെടുമങ്ങാട് മുനിസിപ്പാലിറ്റിയിൽ ഓവർസീയർ ഗ്രേഡ് III ആയ ശ്രീമതി സീമ വിശ്വനാഥിന്റെ മാതാവിന് തിരുവനന്തപുരം SUT റോയൽ ഹോസ്പിറ്റലിൽ ഹൃദയ സംബന്ധമായ ചികിത്സയ്ക്ക് 26.01.2017 മുതൽ 29.01.2017 വരെയുള്ള കാലയളവിൽ ചെലവായ തുകയിൽ ആരോഗ്യ വകുപ്പ് ഡയറക്ടർ അനുവദിക്കാമെന്ന് അറിയിച്ചിരിക്കുന്ന തുകയുടെ 80% ആയ 57,659/ - രൂപ (അൻപത്തി ഏഴായിരത്തി അറുനൂറ്റി അൻപത്തി ഒൻപത് രൂപ മാത്രം) പ്രതിപൂരണം ചെയ്യുന്നതിന് അനുമതി നൽകി ഉത്തരവാകുന്നു. മേൽ തുക "2515-00-001-90-01-04" എന്ന ഹെഡ് ഓഫ് അക്കൗണ്ടിൽ നിന്നും ചിലവഴിക്കേണ്ടതാണ്.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)

ഗോപകുമാർ ധു

അണ്ടർ സെക്രട്ടറി

1. ശ്രീമതി സീമ വിശ്വനാഥ്, ഓവർസീയർ

(അയക്കുന്നത് ചീഫ് എഞ്ചിനീയർ മുഖേന)

2. ചീഫ് എഞ്ചിനീയർ, തദ്ദേശ സ്വയംഭരണ വകുപ്പ്, തിരുവനന്തപുരം

(ബില്ലുകളും അനുബന്ധ രേഖകളും സഹിതം).

3. അക്കൗണ്ടന്റ് ജനറൽ (എ & ഇ/ഓഡിറ്റ്) കേരള, തൃശ്ശൂർ
4. എക്സിക്യൂട്ടീവ് ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ, തിരുവനന്തപുരം
5. ധനകാര്യ വകുപ്പ് (30-09-2020ലെ 1562881/L3/284/2020-Fin നമ്പർ കുറിപ്പ് പ്രകാരം)
6. ആരോഗ്യ കുടുംബക്ഷേമ വകുപ്പ് (04.05.2020 ലെ ജി2/2150/2019/H&FWD നം.കുറിപ്പ് പ്രകാരം)
7. വെബ് & ന്യൂ മീഡിയ, വിവര പൊതുജന സമ്പർക്ക വകുപ്പ്.
8. കരുതൽ ഫയൽ / ഓഫീസ് പകർപ്പ്.

ഉത്തരവിൻ പ്രകാരം
Signature valid
Digitally signed by SREEKANTH G
Date: 2020.[illegible]:10:43 IST
Reason: Approved

സെക്ഷൻ ഓഫീസർ